വചനബോധി

കാരുണികൻ

Vol.17 No.09 September 2020

സമഗ്രദൈവശാസ്ത്രമാസിക


# സീറോ മലങ്കര


Karunikan Magazine
Perumanoor P.O
Thevara - 682 015, Cochin
0484- 2663933, 9496468035
www.karunikan.com
vachanabodhik@gmail.com

# വചനബോധി
**സീറോമലങ്കര**

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

# ഉള്ളടക്കം


**ഒക്ടോബർ 04**
സ്ലീബാപെരുന്നാളിനുശേഷം 3-ാം ഞായർ : 03
മത്താ 18:21 -35
- ഡോ. ജോർജ് അയ്യനേത്ത് oic
- ഫാ. ആന്റണി കല്ലിൽ oic

**ഒക്ടോബർ 11**
സ്ലീബാപെരുന്നാളിനുശേഷം 4-ാം ഞായർ : 08
ലൂക്കാ 16:13-18
- ഡോ. ജേക്കബ് മൂല്ലൂർ
- ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ

**ഒക്ടോബർ 18**
സ്ലീബാപെരുന്നാളിനുശേഷം 5-ാം ഞായർ : 13
മത്താ 23:1-12
- ഡോ. ജോർജ് അയ്യനേത്ത് oic
- ഫാ. നിർമ്മലാനന്ദ് oic

**ഒക്ടോബർ 25**
സ്ലീബാപെരുന്നാളിനുശേഷം 6-ാം ഞായർ : 20
ലൂക്കാ 18:18-27
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ഷോജി വെച്ചൂർകരോട്ട്

വചനബോധി
സീറോമലങ്കര

ഒക്ടോ
04

# സ്ലീബാപെരുന്നാളിനുശേഷം 3-ാം ഞായർ

## ഭാഷ്യം

മത്താ 18:21-35

### സന്ദർഭം

ദൈവരാജ്യത്തിന്റെ പൗരന്മാരാകാൻ (Citizens of the Kingdom of God) വേണ്ട അടിസ്ഥാനപരമായ ആത്മശിക്ഷണമാണ് മത്താ 18-ാം അധ്യായത്തിൽ യേശു നൽകുന്നത്. ശിശുവിനെപ്പോലെ ആയിത്തീരണം, ദുഷ്പ്രേരണ നല്കുന്നവരാകരുത്, ചെറിയവരെ നിന്ദിക്കരുത്, വഴിതെറ്റിയവരെ കണ്ടെത്തണം, സഹോദരബുദ്ധ്യാ പരസ്പരം തിരുത്തണം, പരിധികളില്ലാതെ ക്ഷമിക്കണം എന്നിങ്ങനെയുള്ള ശിക്ഷണമാണ് നല്കുന്നത്. ക്ഷമിക്കുന്നതിന് മൂന്നുപ്രാവശ്യമെന്ന പരിധി റബ്ബിമാർ നിശ്ചയിച്ചിരുന്ന സ്ഥാനത്താണ് യേശു ഏഴ് എഴുപതുപ്രാവശ്യമെന്ന് ഉപദേശിക്കുന്നത്.

### സാരം

'എന്നോട് തെറ്റുചെയ്യുന്ന സഹോദരനോട് ഞാൻ എത്ര പ്രാ വശ്യം ക്ഷമിക്കണം' എന്ന പത്രോസിന്റെ ചോദ്യത്തിന് യേശു പറയുന്ന ഉപമയിൽ മൂന്ന് പ്രധാനപ്പെട്ട കഥാപാത്രങ്ങളുണ്ട്: യജമാനൻ (രാജാവ്), സേവകൻ, സഹസേവകൻ. സേവകൻ ഒരുവിധത്തിൽ സഹസേവകന്റെ യജമാനനാണ്. യജമാനൻ (രാജാവ്) തന്റെ സേവകന് കടം ഇളച്ചുകൊടുത്തു. എന്നാൽ സേവകനാകട്ടെ (ചെറിയ യജമാനൻ) തന്റെ സഹസേവകന്റെ കടം ഇളച്ചുകൊടുത്തില്ല. കടം ഇളച്ചുകൊടുത്തവനാരോ അവനാണ് യഥാർത്ഥ യജമാനൻ, രാജാവ്. അവനെ ദൈവത്തിന്റെ സ്ഥാനത്താണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അപരന്റെ കടം ഇളച്ചുകൊടുക്കാൻ കഴിയുന്നവൻ ദൈവീകനാണ്.

കടം ഇളച്ചുകൊടുക്കുക എന്നുപറഞ്ഞാൽ ഒരുവന് അവകാശപ്പെട്ട ഒരുകാര്യം മറ്റൊരുവന്റെ നന്മയെ കരുതി വേണ്ടെന്നുവയ്ക്കുന്നതാണ്. ഒരു വ്യക്തിയോട് നാം ആത്മാർത്ഥമായി ക്ഷമിക്കുമ്പോൾ ആ വ്യക്തിയെ ശിക്ഷിക്കാനുള്ള നമ്മുടെ അവകാശം വേണ്ടെന്നു

വയ്ക്കുകയാണ്. അതുവഴി ആ വ്യക്തിയുടെ നന്മ നാം ആഗ്രഹിക്കുന്നു. ഇങ്ങനെ ചെയ്യണമെങ്കിൽ നമ്മുടെ വികാരങ്ങളിന്മേൽ നാം വിജയം വരിക്കണം. പ്രതികാരം ചെയ്യാനുള്ള എന്റെ വികാരത്തിന്മേൽ ഞാൻ വിജയം വരിക്കുമ്പോൾമാത്രമേ എനിക്ക് ക്ഷമിക്കാൻ കഴിയുകയുള്ളൂ. അപ്പോൾ ഞാൻ എന്റെ ദുർവികാരങ്ങളെ നിയന്ത്രിക്കാൻ കഴിവുള്ള, അതിന്മേൽ അധികാരമുള്ള യജമാനനായി മാറുന്നു. അത് കഴിയാതിരുന്ന സേവകനാകട്ടെ സ്വന്തം ദുർവികാരങ്ങളുടെ കാരാഗൃഹത്തിൽ എന്നേക്കുമായി തള്ളപ്പെടുന്ന വെറും അടിമയാണ്. യഥാർത്ഥയജമാനനാകട്ടെ തന്റെ വികാരങ്ങളുടെമേൽ പൂർണ അധീശത്വമുള്ള ദൈവവും.

## സന്ദേശം

ഇന്ന് ദിനംപ്രതി നടക്കുന്ന കുടുംബ, സാമൂഹിക, രാഷ്ട്രീയപ്രശ്നങ്ങളുടെയെല്ലാം പ്രധാനകാരണം ക്ഷമയില്ലായ്മയാണ്. പ്രതികാരത്തിന്റെയും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വികാരങ്ങളുടെ കാരാഗൃഹത്തിൽനിന്ന് മോചനം പ്രാപിക്കാൻ കഴിയാത്ത അവസ്ഥ. ഈ അവസ്ഥയിലുള്ള ഒരുവന് യജമാനനാകാൻ കഴിയുകയില്ല, എന്നും അടിമയായിരിക്കും. തന്നോടുചെയ്ത ദ്രോഹം ഒരുവൻ ക്ഷമിക്കുമ്പോൾ ക്ഷമിക്കപ്പെട്ടവനല്ല, ക്ഷമിച്ചവനാണ് യജമാനനായി മാറുന്നത്. ക്ഷമ ആവശ്യപ്പെടുന്ന ആന്തരികസഹനം ഏറ്റെടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് അവനെ യഥാർത്ഥ യജമാനനാക്കുന്നത്, ദൈവികനാക്കുന്നത്. അപ്പോൾ ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിതമാകുന്നു. ഏഴ് എഴുപത് എന്ന ക്ഷമയുടെ അനന്തത സ്വർഗം ഭൂമിയിൽ ഇറക്കിക്കൊണ്ടുവരും.

**ഡോ. ജോർജ് അയ്യനേത്ത് oic**

---

# പ്രസംഗം

## ഹൃദയപൂർവം ക്ഷമിക്കാം

വി. മത്തായിയുടെ സുവിശേഷം 18-ാം അധ്യായം മുഴുവൻ ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹത്തിന്റെ അടയാളങ്ങളും ഉപമകളും സൂചനകളുമാണ് സൂചിപ്പിക്കുന്നത്. പുറപ്പാടുപുസ്തകം 34:6-7ൽ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: “കർത്താവ്, കരുണാമയനും സ്നേഹനിധിയുമായ ദൈവം,

കോപിക്കുന്നതിൽ വിമുഖതയുള്ളവൻ, അത്യുദാരൻ. തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ." ദൈവം മനുഷ്യനെ എത്രയധികമായി സ്നേഹിക്കുന്നവനാണ്; മാത്രമല്ല, അവിടുത്തെ സ്നേഹത്തിന് അതിരുകളില്ല എന്നുള്ള വലിയ സന്ദേശമാണ് ഈ അധ്യായം മുഴുവൻ സൂചിപ്പിച്ചിരിക്കുന്നത്.

18-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് സ്വർഗരാജ്യത്തിൽ ആരാണ് വലിയവൻ എന്ന ചോദ്യത്തിന് ഉത്തരമായി യേശു പഠിപ്പിക്കുന്നത് ഏറ്റവും ചെറുതാകുന്നവൻ അഥവാ ക്ഷമയോടുകൂടി ജീവിക്കുന്നവൻ, മറ്റുള്ളവരുടെ മുമ്പിൽ ലളിതമായ ഭാവവും ജീവിതവും നയിക്കുന്നവൻ തുടങ്ങിയവയാണ്. തുടർന്ന് വഴിതെറ്റിപ്പോയ ആടിനെത്തേടിപോകുന്ന യഥാർത്ഥ ഇടയനിലൂടെ ദൈവപിതാവിന്റെ സ്നേഹവും കരുതലും പ്രകടമാക്കുന്നു. ഒരു ആട് വഴിതെറ്റിപ്പോകുമ്പോൾ അത് പോകട്ടെ സാരമില്ല എന്നുള്ള മനോഭാവത്തെ മാറ്റിനിർത്തി നഷ്ടപ്പെട്ടതിനെ സ്നേഹപൂർവം തേടിയിറങ്ങി കണ്ടെത്തുകയും ആവശ്യമായതെല്ലാം നൽകി സ്നേഹത്തോടുകൂടി നിർത്തുന്നവനുമായ കരുണാമയന്റെ ക്ഷമിക്കുന്ന സ്നേഹമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പത്രോസ് കർത്താവിനോട് ചോദിക്കുന്നുണ്ട്: 'മറ്റുള്ളവരോട് ഞാൻ ഏഴ് പ്രാവശ്യം ക്ഷമിച്ചാൽ മതിയോ?' എന്ന്. പത്രോസിന്റെ ചോദ്യത്തിൽ ഒരു മാനുഷികതലമുണ്ട്; ഞാൻ ഏഴ് പ്രാവശ്യം ക്ഷമിച്ചാൽ അത് ന്യായമായി അംഗീകരിക്കപ്പെടും. പിന്നീട് എന്തുപ്രവർത്തിച്ചാലും അത് ന്യായീകരിക്കാൻ കഴിയുമെന്നുള്ള ഒരു ധ്വനിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. എന്നാൽ കർത്താവ് പത്രോസിന്റെ ഈ സമീപനത്തെ തിരുത്തിക്കൊണ്ട് പറയുന്നത്: "ഏഴ് എന്നല്ല ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കണം." അതായത് ക്ഷമിക്കുന്നതിന് പരിധിയില്ല എന്ന്. യേശു തന്റെ ക്ഷമയുടെയും സ്നേഹത്തിന്റെയും ജീവിതം പ്രസംഗത്തിൽ മാത്രം പറഞ്ഞ് അവസാനിപ്പിക്കുന്നില്ല. അവിടുന്ന് പത്രോസിനോട് പറഞ്ഞ 'ഏഴ് എഴുപത്' എന്നത് കാൽവരിയിൽ കുരിശിൽ കാണുന്ന സ്നേഹമാണ്. ക്രിസ്തുവിന്റെ സ്നേഹം ഒരുപമയിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. കരുണാമയനായ രാജാവ് തന്റെ സേവകന്മാരുടെ കണക്കുതീർത്ത് അവർക്ക് സമാധാനം സ്ഥാപിക്കാൻവേണ്ടി ചെയ്യുന്ന ഒരു പ്രവൃത്തിയാണ് ഈ ഉപമയിൽ പ്രതിപാദിക്കുന്നത്.

രാജാവിന് പതിനായിരം താലന്ത് കടപ്പെട്ട സേവകൻ രാജാവിന്റെ മുമ്പിൽ വീണ് കരഞ്ഞ് തന്റെ കടം വീട്ടാൻ കാലാവധി നീട്ടിത്തരണമേയെന്ന് അപേക്ഷിക്കുന്നു. അപ്പോൾ യജമാനൻ മനസ്സലിഞ്ഞ് അവന്റെ വലിയ കടം ഇളച്ചുകൊടുക്കുന്നു. ഈ സംഭവത്തിലൂടെ കർത്താവ് നമുക്കു നൽകുന്ന സന്ദേശം ദൈവത്തിന്റെ സ്നേഹവും അവിടുത്തെ ക്ഷമിക്കുന്ന ഭാവവും മനുഷ്യനോടുള്ള കരുതലുമാണ്. മനുഷ്യന്റെ ബലഹീനതകൾ ദൈവത്തിനറിയാം. അതുകൊണ്ടുതന്നെ ഏദൻ തോട്ടത്തിൽ അനുസരണക്കേട് കാണിച്ച മനുഷ്യനെ പറുദീസായിൽനിന്ന് പുറത്താക്കിയപ്പോഴും എന്നേക്കുമായി അവനെ ഉപേക്ഷിച്ചില്ല; മറിച്ച് തന്റെ പുത്രന്റെ ജീവൻ നൽകി അവിടുന്ന് അവനെ തിരിച്ച് പറുദീസായിൽ എത്തിച്ചു. ധൂർത്തനായ പുത്രന്റെ ഉപമയിൽ പിതാവിന്റെ സകല സ്വത്തുക്കളും നശിപ്പിച്ച് ധൂർത്തനായി ജീവിച്ച പുത്രൻ തിരിച്ചുവന്നപ്പോൾ അവനെ ചേർത്തുപിടിച്ച്, പുതിയവസ്ത്രം നൽകി സ്നേഹിച്ചു. പാപിനിയായ സ്ത്രീ യേശുവിന്റെ പാദത്തിനരികിൽ വന്നിരുന്നപ്പോൾ അവളെ ആശ്വസിപ്പിച്ച് സമാധാനത്തോടെ യാത്രയാക്കി. ഇത്തരത്തിൽ ദൈവപിതാവ് ഓരോ മനുഷ്യനോടും അവിടുത്തെ മക്കൾ എന്ന നിലയിൽ എത്ര വലിയ കരുണയാണ് കാണിക്കുന്നത്. യഥാർത്ഥത്തിൽ മനുഷ്യന്റെ തെറ്റുകൾക്ക് തക്കതായ ശിക്ഷ കർത്താവ് നൽകിയാൽ ഇവിടെ എത്രപേർ അവശേഷിക്കും. അവിടുത്തെ വചനം ഇപ്രകാരം നമ്മെ ഓർമിപ്പിക്കുന്നു: "ദൈവം സ്വർഗത്തിലിരുന്നുകൊണ്ട് മനുഷ്യമക്കളെ നോക്കി. നീതിമാനായി ആരെയും കണ്ടില്ല, എല്ലാവരും വഴിതെറ്റിപോയിരിക്കുന്നു" (സങ്കീ 53:3).

ഉപമയുടെ രണ്ടാം ഭാഗത്ത് എല്ലാ കടവും ഇളച്ചുകിട്ടിയ സേവകൻ പുറത്തിറങ്ങിയപ്പോൾ തന്റെ സഹസേവകനെ കണ്ടുമുട്ടുന്നു. 100 ദനാറ കടപ്പെട്ട അവന്റെ കഴുത്തിന് പിടിച്ചുകൊണ്ട് എന്റെ പണം ഇവിടെ കൊണ്ടുവരൂ എന്നുപറഞ്ഞ് അവനെ ഉപദ്രവിച്ച് കാരാഗൃഹത്തിൽ ഇടുന്നു. കടംവീട്ടുന്നതുവരെ അവൻ കാരാഗൃഹത്തിൽ കിടക്കേണ്ടിവന്നു. എത്രവലിയ ദുഷ്കരമായ പ്രവൃത്തിയാണ് ആ സേവകൻ ചെയ്തത്. ഇവിടെയാണ് നമ്മെ ചിന്തിപ്പിക്കുകയും ധ്യാനിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സ്നേഹവും മനുഷ്യന്റെ സ്നേഹവും തമ്മിലുള്ള പൊരുത്തക്കേടുകൾ പ്രകടമാകുന്നത്.

മനുഷ്യജീവിതത്തിൽ ദൈവമനുഷ്യബന്ധം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മനുഷ്യൻ ഒരു സമൂഹജീവിയായതിനാൽ മറ്റുള്ളവരുമായി ബന്ധം അവനുണ്ട്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ദൈവം നൽകിയ പരമപ്രധാനമായ കൽപ്പന: 'ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെതന്നെ  നിന്റെ സഹോദരനെയും സ്നേഹിക്കുക' എന്നതാണ്. എന്നാൽ മനുഷ്യജീവിതത്തിൽ സ്നേഹം, കരുണ, കരുതൽ, ക്ഷമ എന്നീ ക്രിസ്തീയമൂല്യങ്ങൾ അഥവാ പുണ്യങ്ങൾ എപ്രകാരമാണ് മറ്റുള്ളവർക്ക് നൽകുന്നത്. മനുഷ്യന്റെ സ്നേഹം പലപ്പോഴും പലതരത്തിലുള്ള ഉപാധികൾ വച്ചുകൊണ്ടാണ്, സ്വർത്ഥതയുള്ളതാണ്, കച്ചവട കണ്ണോടുകൂടിയതാണ്. അതായത് ഞാൻ ഒരാളെ സ്നേഹിച്ചാൽ എനിക്ക് എന്തുകിട്ടും, എത്ര ലാഭം ഉണ്ടാകും തുടങ്ങിയ കാഴ്ചപ്പാട്. കർത്താവ് ഇവിടെ ഒരു തിരുത്തൽ നൽകുന്നു. കണ്ണിനു പകരം കണ്ണ്, പല്ലിനുപകരം പല്ല് എന്നല്ല, മറിച്ച് ഒരു നല്ല കൂട്ടായ്മ രൂപപ്പെടുത്തുക എന്നതാണ്. അതിന് പരസ്പരം കരുതുന്ന സമൂഹം ഉണ്ടാകണം, പരസ്പരം പങ്കുവയ്ക്കുന്ന സമൂഹം ഉണ്ടാകണം, പരസ്പരം ഭാരം വഹിക്കുന്ന സമൂഹം ഉണ്ടാകണം. മനുഷ്യന്റെ കച്ചവടമനോഭാവത്തോടുകൂടിയ സമീപനം ഒരിക്കലും ഒരു നല്ല കൂട്ടായ്മയെ രൂപപ്പെടുത്തില്ല.

യേശു നൽകിയ ക്ഷമിക്കുന്ന സ്നേഹത്തിന്റെ ധാരാളം നല്ല മാതൃകകൾ നമുക്ക് കാണാൻ കഴിയും. വിശുദ്ധരായ മദർ തെരേസയും അൽഫോൻസാമ്മയും നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി ഇങ്ങനെ എത്രയെത്രയാളുകൾ. ഇവിടെ നാം നമ്മോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. എനിക്ക് ഒരു നല്ല മനുഷ്യനാകാൻ കഴിയുമോ? ഒരു നല്ല ക്രൈസ്തവൻ ആകാൻ കഴിയുമോ? സ്വർഗസ്ഥനായ പിതാവ് കരുണയുള്ളവനാകയാൽ നമ്മളും കരുണയുള്ളവരാകണം. ഈ ആധുനിക കാലഘട്ടത്തിൽ മനുഷ്യൻ എന്തിനെയും വെട്ടിപ്പിടിക്കാൻ ഓടുമ്പോൾ മറക്കരുത് നീയാണ് നിന്റെ അയൽക്കാരന്റെ കാവൽക്കാരനെന്ന്. വിശക്കുന്നവനുമായി അപ്പം പങ്കുവയ്ക്കുകയും സഹോദരങ്ങളിൽനിന്ന് മുഖം മറയ്ക്കാതിരിക്കുന്നതുമാണ് യഥാർത്ഥ ആരാധന.

**ഫാ. ആന്റണി കല്ലിൽ oic**

വചനബോധി
സീറോമലങ്കര

ഒക്ടോ
11

# സ്ലീബാപെരുന്നാളിനുശേഷം 4–ാം ഞായർ

## ഭാഷ്യം

ലൂക്കാ 16:13-18

### സന്ദർഭം

യേശുവിന്റെ ജറുസലെം ലക്ഷ്യമാക്കിയുള്ള യാത്രയിൽ നടത്തുന്ന പഠനങ്ങളിൽ വിശുദ്ധ ലൂക്കായുടെ സുവിശേഷം 15,16 അധ്യായങ്ങൾ സമ്പത്തുമായി ബന്ധപ്പെട്ടതാണ്. പണം ധൂർത്തടിച്ച ഇളയമകനും പണംകൊണ്ട് അന്യായമായി കൂട്ടുകാരെ സമ്പാദിക്കുന്ന കാര്യസ്ഥന്റെ കഥയും പറഞ്ഞതിന്റെ (16:1-12) തുടർച്ചയായാണ് ഈ പഠനഭാഗം വരുന്നത്. സമ്പത്തിനെ ദൈവരാജ്യത്തോട് ബന്ധിപ്പിച്ചാണ് ഈ വചനഭാഗം അവതരിപ്പിക്കപ്പെടുന്നത്.

### സാരം

സമ്പത്തിനെയും ദൈവത്തെയും ഇരുധ്രുവങ്ങളിലാക്കിയുള്ള ഒരു ഉപദേശമാണിവിടെ. ദൈവത്തെയും മാമോനെയും ഒന്നിച്ചു സേവിക്കാൻ ആർക്കും കഴിയുകയില്ല എന്നും ദൈവരാജ്യപ്രവേശനം ഏതുതരത്തിലുള്ളതാണെന്നും പഠിപ്പിക്കുന്നുണ്ട്. അത് ബലം പ്രയോഗിച്ച് നടത്തിയെടുക്കേണ്ട ഒന്നാണ് എന്നുള്ളതാണ് പഠന പ്രമേയം.

### സന്ദേശം

1. ദൈവത്തെയും മാമോനെയും ഒന്നിച്ചു സേവിക്കാൻ സാധിക്കില്ല എന്ന വചനം മനസ്സിൽ മുദ്രിതമാക്കിയിടേണ്ടതാണ്. ദൈവത്തോട് ചേർന്നുനില്ക്കുന്നവന് സമ്പത്തിന്റെ അടിമത്തം സാധിക്കില്ല. അത് വൈരുധ്യമാണ്. പണവും സമ്പത്തും ദൈവവും എതിർധ്രുവങ്ങളിലാണ്. മാമോൻ എന്നത് മറ്റൊരു വിഭാഗം അഥവാ സാത്താന്റെ മറ്റൊരു ആവിഷ്ക്കാരമാണ്. ദൈവവുമായി മത്സരിക്കാൻ

കെല്പ്പുള്ളവനാണ് സമ്പത്ത് എന്ന 'മാമോൻ.' അപ്പ 16:16-19 വരെ വചനങ്ങളിൽ യജമാനനുള്ള ഒരു അടിമപെൺകുട്ടിയെക്കുറിച്ച് പറയുന്നുണ്ട്. അവളുടെ വാക്കുകളാണ് പൗലോസിനെ കാരാഗൃഹത്തിൽ എത്തിച്ചത്. അവൾ ഒരു വരുമാനമാർഗമായിരുന്നല്ലോ. ഞാനല്ലാതെ മറ്റൊരു ദൈവം നിങ്ങൾക്ക് ഉണ്ടാവരുത് എന്ന ഒന്നാംപ്രമാണം (പുറ 20:2-3) ഇതിനോട് ചേർത്തുപഠിക്കണം. 'പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് ദാനം ചെയ്ത് എന്നെ അനുഗമിക്കുക' എന്ന യേശുവിന്റെ ശിഷ്യത്വ പഠനവും ധനികൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എന്ന പഠനവും (ലൂക്കാ 18: 22-25) ഇതിനോട് ചേർന്നുപോകുന്നു. സമ്പത്തുമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ, വ്യക്തികളായാലും സഭയായാലും അവർ ദൈ വവുമായി മത്സരത്തിലാണ് എന്ന് ഓർമിക്കുക.

2. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് ബലപ്രയോഗം ആവശ്യമാണ്. പണക്കൊതിയന്മാരായ ഫരിസേയർ വേദപഠനങ്ങളെ നിരാകരിക്കുകയും പഠനങ്ങളെ പരിഹസിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഈ പഠനം. പഴയനിയമകാലഘട്ടം നിയമത്തിന്റെയും പ്രവാചകന്മാരുടേതുമായിരുന്നെങ്കിൽ യേശുവിൽ അത് ദൈവരാജ്യപ്രഘോഷണമായി. എന്നാൽ നിയമത്തെ നിരാകരിച്ചുള്ള ഒന്നല്ല ദൈവരാജ്യം. *Biazomai* എന്ന ഗ്രീക്കുപദമാണ് 'ബലം പ്രയോഗിച്ച്' എന്ന് വിവർത്തനം ചെയ്യപ്പെടുന്നത്. ഇതിന് പല മാനങ്ങളുണ്ട്. 1) യേശുവിന്റെ പ്രഘോഷണം അതിശക്തമായിരുന്നു, ജനത്തിന് അത് ആവേശം നൽകി. 2) 13:24-ൽ സൂചിപ്പിക്കുന്ന ദൈവരാജ്യം ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനമാണ്, ഏറെ സഹനങ്ങൾ നിറഞ്ഞതാണ്. 3)യോഹന്നാന്റെ രക്തസാക്ഷിത്വവും യേശുവിന്റെ കുരിശുമരണവും പിന്നീട് ക്രിസ്ത്യാനികൾ ഇന്നും നേരിടുന്ന പീഡനങ്ങളുമൊക്കെ സൂചിപ്പിക്കുന്നതുമാകാം ഈ പദപ്രയോഗം. ക്രിസ്ത്യാനി ആയിരിക്കുക അത്ര എളുപ്പമല്ല ഇന്നും എന്നും എന്ന് യേശു ഓർമപ്പെടുത്തുന്നു. അതിന് വിലകൊടുക്കാൻ ഒരുക്കമുള്ളവരായിരിക്കാനുള്ള ക്ഷണം ഇതിലുണ്ട്.

3. നിയമത്തിലെ വള്ളിപുള്ളി ഇല്ലാതാകുന്നതിനേക്കാൾ ആകാശവും ഭൂമിയും മാറിപ്പോകുന്നതാണ് എളുപ്പം. വളരെ അതിശയോക്തി കലർന്ന പ്രസ്താവനയെന്നു തോന്നാമെങ്കിലും വിശുദ്ധലി

ഖിതങ്ങളുടെ അനന്യതയും നിത്യതയും സൂചിപ്പിക്കുന്നതാണ്. അതുകൊണ്ടുതന്നെ യേശു നിയമത്തിലെ പഠനങ്ങളെ നിഷേധിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. കൊല്ലരുത് എന്ന കല്പനയ്ക്ക് ഒരു അനുബന്ധംകൂടി അവിടുന്ന് കൂട്ടിച്ചേർത്തു, കോപിക്കരുത് എന്നതും ആ കല്പനയുടെ ഭാഗമാക്കി (മത്താ 5:21–22). അതുകൊണ്ടുതന്നെ ഭാര്യാഭർത്ത്യബന്ധത്തെ യേശു പുനർനിർവചിച്ചിരിക്കുകയാണിവിടെ. അവിശ്വസ്തതയുടെപേരിൽ വിവാഹമോചനം, അതും പുരുഷനുമാത്രം അവകാശപ്പെട്ട വിവാഹമോചനനിയമത്തെ (നിയമ 24:1–4) സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാക്കി. ഒരു കാരണവശാലും വിവാഹബന്ധം വേർപെടുത്തരുത് എന്ന് കൂട്ടിച്ചേർത്ത് ഉപേക്ഷിക്കുന്നതും ഉപേക്ഷിക്കപ്പെട്ട സ്ത്രീയെ ഉപേക്ഷിക്കുന്നതും പാപമാണെന്ന് യേശു തറപ്പിച്ചുപറഞ്ഞു. സ്ത്രീപുരുഷതുല്യത എല്ലാക്കാര്യത്തിലും പ്രകടമാക്കുന്നു. ഇന്നും, കൂലിയുടെ കാര്യത്തിലും നിയമപരിരക്ഷയുടെ കാര്യത്തിലും അധികാരത്തിന്റെ മേഖലകളിലും രണ്ടാം നിരക്കാരായി സ്ത്രീകളെ കാണുന്ന പ്രവണതക്ക് ഒരു തിരുത്തൽ പഠനമാണ് യേശു നൽകുന്നത്. യേശു ശിഷ്യരായ നമ്മുടെ നിലപാടുകളും വ്യത്യസ്തമാകാൻ പാടുള്ളതല്ല.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## വിശ്വസ്തനും വിശുദ്ധനും വിവേകിയുമായ കാര്യസ്ഥൻ

ക്രിസ്തുശിഷ്യർ എല്ലാവരും കാര്യസ്ഥതയുടെ കണക്ക് ബോധിപ്പിക്കേണ്ടവരാണ്. അതായത് ഏൽപ്പിക്കപ്പെട്ട ജീവിതത്തിന്റെ കണക്കും ഫലവും. വിശ്വസ്തരും വിശുദ്ധരും വിവേകികളുമായ കാര്യസ്ഥന്മാരും കാര്യസ്ഥകളുമില്ലാതായപ്പോൾ ലോകത്തിൽ സഭയുടെ ആത്മീയശക്തിയില്ലാതായി, സമൂഹത്തെ സത്യത്തിൽ നയിക്കാൻ നേതാക്കന്മാർ ഇല്ലാതായി.

**വിശ്വാസസ്ഥിരത** (കൊളോ 1:21): "ഒരു ഭൃത്യനുരണ്ട് യജമാനന്മാരെ സേവിക്കാനാവില്ല." "ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാനും നിങ്ങൾക്കാവില്ല."

പൗലോസ്ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു: "സുവിശേഷം നല്കുന്ന പ്രത്യാശയിൽനിന്നു വ്യതിചലിക്കാതെ സ്ഥിരതയോടും ദൃഢനിശ്ച യത്തോടുംകൂടെ വിശ്വാസത്തിൽ നിലനില്ക്കുവിൻ" (കൊളോ 1:23). സകലത്തിന്റെയും സ്രഷ്ടാവും എല്ലാവരുടെയും പിതാവുമായ ദൈവ ത്തിന്റെ കൂടെനില്ക്കാൻ അപാരമായധൈര്യം വേണം. ഈ ധൈര്യ മാണ് ഒരുവനെ/ഒരുവളെ വിശ്വസ്തരായ കാര്യസ്ഥരാക്കുന്നത്. ദൈവത്തോടൊപ്പം നടക്കാനും ചിന്തിക്കാനും സാധിക്കുന്നവർക്ക് പണത്തിന്റെ അടിമത്തത്തിൽനിന്ന് ഉയർന്ന് പറക്കാനാവും. അങ്ങ നെ പണത്തെ അള്ളിപ്പിടിക്കാതെ പണത്തിനുമീതെ പൊങ്ങിപ്പറ ക്കുന്നവർ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിശ്വസ്ത രായിരിക്കും.

**വിശ്വാസവും പ്രവൃത്തിയും** (യാക്കോ 2:14): യേശു പറയുന്നു: മനുഷ്യരുടെ മുമ്പിൽ നിങ്ങൾ നിങ്ങളെത്തന്നെ നീതീകരിക്കുന്നു എന്നാൽ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു (ലൂക്കാ 16:15). യാക്കോബ്ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു: "പ്രവൃത്തികൾ കൂടാതെ യുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്" (യാക്കോ 2:17). വിശ്വാസവും പ്രവൃത്തിയും ഒരു വ്യക്തിയിൽ അനുരൂപപ്പെടുമ്പോൾ ആ വ്യക്തി വിശുദ്ധജീവിതത്തിലേക്ക് വളരുകയാണ്. ഒരുപക്ഷേ നമ്മുടെ പ്രവൃത്തികൾകൊണ്ട് നമുക്ക് മറ്റുള്ളവരെ പ്രീതിപ്പെടു ത്താം, എന്റെ വിശ്വാസം ഇന്നതാണെന്ന് എനിക്ക് വിളിച്ചുപറയാം. എന്നാൽ പ്രവൃത്തിക്ക് ചേരാത്ത വിശ്വാസവും വിശ്വാസത്തിന് ചേ രാത്ത പ്രവൃത്തിയും നോക്കിക്കാണുകയും അളന്നുനോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവം നമ്മുടെ കൂടെയുണ്ട് എന്നബോധ്യം ഒരു വ്യക്തിയെ വിശുദ്ധനോ വിശുദ്ധയോ ആക്കും. എന്റെ ശരീരത്തി ന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ശുദ്ധിയുടെ മാനദണ്ഡം എന്റെ ദൈവമാകുമ്പോൾ എന്റെ ജീവിതവിശുദ്ധി നശിപ്പിക്കാൻ ഒന്നി നുമാവില്ല. എന്റെ ജീവിതവിശുദ്ധിയാണ് എന്റെ കാര്യസ്ഥതയുടെ ബലം. ഇങ്ങനെ വിശുദ്ധരായ കാര്യസ്ഥർ തങ്ങൾക്ക് ദൈവം തന്ന ജീവിതപങ്കാളിയെ ഉപേക്ഷിക്കുകയോ കുടുംബജീവിതത്തെ നശി പ്പിക്കുകയോ ഇല്ല.

**ദൈവത്തിനുവേണ്ടി ദാഹിക്കുന്നു** (സങ്കീ 42)**:** യേശുപറയുന്നു: "മനുഷ്യർക്ക് ഉത്കൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ് (ലൂക്കാ 16:15). കാര്യസ്ഥന് അവനെ ഏൽപ്പിച്ചിരിക്കുന്ന കാര്യവിചാ

രിപ്പ് വിവേകപൂർവം നടത്തണമെങ്കിൽ ദൈവത്തിന്റെ കണ്ണിലൂടെ കാര്യങ്ങളെ നോക്കിക്കാണാനുള്ള കഴിവുണ്ടാകണം. വിഷംതീണ്ടിയ മാൻ തിരിച്ചറിയുന്നു; എന്റെ ഉള്ളിൽ കയറിയിരിക്കുന്ന വിഷത്തെ പുറന്തള്ളാനുള്ള ഏകമാർഗം ധാരാളം വെള്ളം കുടിക്കുക എന്നു ള്ളതാണ്. അതിനായി തളർന്ന് വീഴുന്നതിനുമുമ്പ് ഒരു നീർച്ചാലിനു മുമ്പിൽ ചെല്ലുക. എന്റെ ഉള്ളിൽ വിഷം കടന്നിട്ടുണ്ട് എന്നും, എന്റെ ചുറ്റിലും വിഷം ഉണ്ടെന്ന് തിരിച്ചറിയുമ്പോഴുമാണ് നിത്യനീർച്ചാലായ എന്റെ ദൈവത്തിൽ എത്തിച്ചേരാനാകുന്നത്. വിഷംതീണ്ടി ചത്തു പോകാതിരിക്കാൻ നാം സ്വീകരിക്കേണ്ടത് വിവേകമാണ്. അങ്ങനെ വിവേകമുള്ള കാര്യസ്ഥർ സഭയിലും സമൂഹത്തിലും കുടുംബത്തി ലും ആത്മാക്കളെ നേടുന്നവരാകും. പണത്തിനും അധികാരത്തിനും ജഡികസുഖങ്ങൾക്കും അടിമപ്പെട്ട് കാര്യസ്ഥർ ജീവിക്കുമ്പോൾ കു ടുംബങ്ങളിൽ കുഞ്ഞുങ്ങൾ അനാഥരാക്കപ്പെടും. ആത്മാക്കളെ നീർ ച്ചാലിനരികെ എത്തിക്കാൻ സഭയിൽ ആളില്ലാതാകും. വിശ്വസ്തരും വിശുദ്ധരും വിവേകികളുമായ കാര്യസ്ഥന്മാരെ അയക്കാൻ പിതാ വായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

**ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ**

വചനബോധി
സീറോമലങ്കര

ഒക്ടോ
18

# സ്ലീബാപെരുന്നാളിനുശേഷം 5–ാം ഞായർ

## ഭാഷ്യം

### മത്താ 23:1-12

### സന്ദർഭം

യേശുവിന്റെ സാരോപദേശ സത്സംഗങ്ങൾക്ക് തടസ്സമായിനിന്ന പ്രധാനപ്പെട്ട മൂന്നുവിഭാഗങ്ങളാണ് നിയമജ്ഞരും ഫരിസേയരും സദുക്കായരും. മോശവഴി നൽകപ്പെട്ട തോറായുടെ കാവൽഭടന്മാരെന്നനിലയിലാണ് അവർ യേശുവിന്റെ പഠിപ്പിക്കലുകളെ എതിർത്തത്. അതുകൊണ്ടുതന്നെ മോശയുടെ നിയമങ്ങളെ തള്ളിക്കളയാതെ അതിന്റെ സത്തയെ ഉയർത്തിപ്പിടിച്ചുകൊണ്ട് അതിന്റെ തെറ്റായ വ്യാഖ്യാനാചാരങ്ങളെ യേശു നിശിതമായി വിമർശിക്കുന്നു. മത്താ 15:7-ലും 16:5-12-ലും ഇത് നമുക്ക് കാണാൻ സാധിക്കും; മത്താ 23ഉം ഇതിന്റെ തുടർച്ചയാണ്. നിയമജ്ഞരുടെയും ഫരിസേയരുടെയും കപടനിയമാനുഷ്ഠാനത്തിന്റെ മുഖം ജനങ്ങളുടെയും തന്റെ ശിഷ്യന്മാരുടെയും മുമ്പിൽ തുറന്നുവയ്ക്കുകയാണ് യേശു ഇവിടെ ചെയ്യുന്നത്.

### സാരം

ജനക്കൂട്ടത്തോടും ശിഷ്യന്മാരോടുമുള്ള യേശുവിന്റെ സാരോപദേശത്തിൽ മൂന്നുകാര്യങ്ങളാണ് അടങ്ങിയിരിക്കുന്നത്.

1. 'മോശയുടെ സിംഹാസനത്തെ' യേശു അംഗീകരിക്കുന്നു, ബഹുമാനിക്കുന്നു.

2. മറ്റുള്ളവർ കാണുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയായി മതാനുഷ്ഠാനങ്ങൾ മാറുന്നതിലെ കാപട്യത്തെ യേശു തുറന്ന് എതിർക്കുന്നു.

3. നിയമങ്ങളും അനുഷ്ഠാനങ്ങളും സ്ഥാനബഹുമാനപദവികളുമെല്ലാം ശുശ്രൂഷയുടെ സുവിശേഷത്തിലധിഷ്ഠിതമായിരിക്കണം.

1. 'മോശയുടെ സിംഹാസനം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് യഹൂദമതസംഹിതയായ 'തോറാ' യിലെ ദൈവികവെളിപാടുകളാണ്. അത് യഹോവയുടെ സിംഹാസനമാണ്. അതിന്റെ സ്ഥാനത്ത് അവതരിച്ച ആധുനികമോശമാരുടെ ആത്മീയസിംഹാസനങ്ങൾക്ക് ഭാരം കൂടി. അധികാരപ്രമത്തതയുടെ ആ ഭാരം അവർ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുത്തു. ആചാരാനുഷ്ഠാനനിയമങ്ങളുടെ ഭാരംപേറുന്ന ജനങ്ങളെ കണ്ടിട്ടാണ് യേശുവിന് അവരോട് 'അനുകമ്പ തോന്നിയത്.' സഹായിക്കാൻ ചെറുവിരൽപോലും അനക്കാൻ തയ്യാറാകാത്ത നിയമജ്ഞഫരിസേയരോട് അമർഷംതോന്നിയത്. യേശുവിന്റെ എളിമയുടെയും ശുശ്രൂഷയുടെയും നുകമാകട്ടെ വഹിക്കാനെളുപ്പമുള്ളതും ഭാരം കുറഞ്ഞതുമാണ് (മത്താ 11:30).

2. നെറ്റിപ്പട്ടങ്ങളുടെ വീതി, വസ്ത്രത്തിന്റെ തൊങ്ങലുകളുടെ നീളം, വിരുന്നുകളിലെ പ്രമുഖസ്ഥാനം, സിനഗോഗുകളിലെ പ്രധാനപീഠം, നഗരവീഥികളിലെ അഭിവാദനം, റബ്ബീ എന്ന അഭിസംബോധന എന്നിങ്ങനെയുള്ള പ്രകടനപരതയുടെ ആത്മീയകാപട്യം യേശു തുറന്നുകാട്ടുന്നു. 'തോറാ' തുകൽച്ചുരുളുകളിലെഴുതി ചെറിയ തോൽപ്പെട്ടികളിലാക്കി (അതിന് 'ഫിലാക്ടറി' എന്നാണ് പറയുന്നത്) നെറ്റിപ്പട്ടങ്ങളായും വസ്ത്രങ്ങളുടെ തൊങ്ങലുകളായും ധരിക്കുന്നത് ആത്മീയഭൂഷണങ്ങളായി അടിച്ചേൽപ്പിച്ച ഫരിസേയ കാപട്യത്തെയാണ് യേശു എതിർക്കുന്നത്. മാംസളമായ ഹൃദയത്തിൽ എഴുതപ്പെടേണ്ട ദൈവികനിയമം ഭൗതികാധികാരത്തിന്റെ ഭൂഷണങ്ങളായി മാറുന്ന ഉപരിപ്ലവ ആത്മീയതയുടെ നിഷേധമാണ് യേശുവിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

3. 'മോശയുടെ സിംഹാസനം'– യഹോവയുടെ സിംഹാസനം, ശുശ്രൂഷയുടെ സിംഹാസനമാണ്. വലിയവൻ ശുശ്രൂഷകനാകുന്ന, ദൈവം മാംസംധരിക്കുന്ന, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുന്ന സുവിശേഷമാണ് ഇത്. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ രഹസ്യവും ഇതുതന്നെയാണ്. ഈ സുവിശേഷത്തിനു നിരക്കാത്ത റബ്ബി, പിതാവ്, ഗുരു, നേതാവ് തുടങ്ങിയ സ്ഥാനപദവികൾ ദൈവ

രാജ്യത്തിന്റെ ശത്രുപക്ഷത്താണ്. 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന' (ഫിലി 2:6-7) സുവിശേഷമാണ് ദൈവരാജ്യത്തിന്റേത്. ദൈവത്തെപ്പോലെ ആയിത്തീരാനുള്ള ആദിആദാമിന്റെ പരിശ്രമവും മനുഷ്യനെപ്പോലെ ആയിത്തീരാനുള്ള ദൈവത്തിന്റെ സന്നദ്ധതയും തമ്മിലുള്ള അന്തരം നമുക്കിവിടെ കാണാം.

## സന്ദേശം

പാരമ്പര്യങ്ങളും ആചാരനിയമാനുഷ്ഠാനങ്ങളും മനുഷ്യജീവിതത്തിന്റെ അവിഭാജ്യഭാഗമാണ്. അവ ദൈവികവെളിപാടുകളുടെ സ്രോതസ്സുകളാണ്. ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള മാർഗങ്ങൾ മാത്രമാണവ. ആത്മീയശുശ്രൂഷയുടെ ചിഹ്നങ്ങളും പ്രതീകങ്ങളും അടയാളങ്ങളും ബിംബങ്ങളും സ്ഥാനമാനപദവികളും ഭൗതികാധികാരം നിലനിർത്താനുള്ള മാർഗങ്ങളായി അധഃപതിക്കുമ്പോൾ 'മോശയുടെ സിംഹാസനം' അടിച്ചമർത്തലിന്റെയും അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും സിംഹാസനങ്ങളായി മാറുന്നു. ദൈവരാജ്യസംസ്ഥാപനത്തിന് ശുശ്രൂഷചെയ്യാത്ത റബ്ബിയും ഗുരുവും പിതാവും നേതാവുമെല്ലാം എതിർസാക്ഷ്യങ്ങളാണ്. ദൈവരാജ്യം എളിമയുടെയും താഴ്മയുടെയും ശുശ്രൂഷയുടെയും സ്വയംശൂന്യവല്ക്കരണത്തിന്റെയും ബലിയുടെയും സിംഹാസനമാണ്.

**ഡോ. ജോർജ് അയ്യനേത്ത് oic**

---

# പ്രസംഗം

## ക്രിസ്തുഭാവമുള്ളവരാകാം

ആദ്ധ്യാത്മികതയുടെ ആകെത്തുക ക്രിസ്തു ഇന്നത്തെ സുവിശേഷത്തിലൂടെ ജനഹൃദയങ്ങളിൽ വരച്ചിടുകയാണ്. ഇന്നത്തെ വേദഭാഗത്തിന്റെ അവസാനവാക്യത്തിൽ ക്രിസ്തുവിന്റെ രാജ്യം ഇതൾ വിരിയുകയാണ്; 'നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനാകണം.' ബൈബിൾ കാച്ചിക്കുറുക്കി എടുത്താൽ അതിന്റെ സത്താണ് ഇന്നത്തെ വേദഭാഗം. സ്വർഗം രണ്ടായി പകുത്തു മാറ്റി

ക്കൊണ്ട് ഭൂമിയിലേക്ക് അവതരിച്ച ദൈവപുത്രനുമാത്രം പറയാനും പഠിപ്പിക്കാനും കഴിയുന്ന സത്യമാണ് ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനാകണമെന്നത്. അവൻ ദൈവമായിരുന്നിട്ടും ദൈവത്വം മുറുകെപിടിക്കാതെ ദാസനായി കാലിത്തൊഴുത്തിൽ പിറന്നു. ആ എളിമയുടെ മൂർത്തീഭാവത്തിനു മാത്രം കാണിച്ചുതരാൻ സാധിക്കുന്ന ജീവിതമാതൃക-'തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.'

യേശു തന്റെ ശിഷ്യരോടാണ് ഇത് സംസാരിക്കുന്നതെന്നത് ഏറെ ശ്രദ്ധേയമാണ്. ശിഷ്യരും ജനക്കൂട്ടവുമാണ് കേൾവിയുടെ പരിധിയിൽ. ശിഷ്യർ കൂടെനടന്ന് തന്റെ ജീവിതംകണ്ട് പഠിക്കേണ്ടവർ. ജനക്കൂട്ടം തന്റെ ശിഷ്യഗണത്തിലേക്ക് ചേർക്കപ്പെടാൻ സാധ്യതയുള്ളവർ. ഈ കാലഘട്ടത്തിൽ സുവിശേഷം കേൾക്കുന്ന നമ്മൾ ഓരോരുത്തരോടുമാണ് ക്രിസ്തുവിന്റെ ആഹ്വാനം. ഞാൻ ക്രിസ്ത്യാനി എന്ന് അഭിമാനിക്കുന്നവനോ, അത് ആകാൻ സാധ്യതയുള്ളവനോ ആണ്. ഞാൻ ഏതുനിലയിലിൽ ആയാലും ക്രിസ്തുവിന്റെ ഭാവം ഉള്ളവനായാൽ മാത്രമേ ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശനം ലഭിക്കൂ. മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് കരുതുന്നത് ക്രിസ്തുഭാവമാണ് (ഫിലി 2:3).

ഇന്നത്തെ സുവിശേഷഭാഗം നമ്മെ ആഴങ്ങളിലേക്ക് കൈപിടിച്ച് നടത്തേണ്ടതാണ്. പറയുന്നവരുടെ വലുപ്പവ്യത്യാസമോ അവരുടെ പ്രവൃത്തിയോ അല്ല നമ്മെ സ്വാധീനിക്കേണ്ടത്; അവർ പറയുന്നതിലെ സുവിശേഷമൂല്യമാണ്. ക്രിസ്തുവിനെയാണ് പ്രസംഗിക്കുന്നതെങ്കിൽ ക്രിസ്തുവിന്റെ ഭാവം നാം ആവാഹിച്ചെടുക്കണം. ക്രിസ്തുവാകുന്ന കണ്ണാടിയുടെമുമ്പിൽ എന്റെ എല്ലാ അഹംഭാവങ്ങളും അഴിച്ചുമാറ്റപ്പെടണം. പറയുന്നവന്റെ ജീവിതമല്ല; ക്രിസ്തുവിന്റെ ജീവിതമാണ് എനിക്ക് എന്നും മാതൃക. എന്റെ മിഴികൾക്കുമുമ്പിൽ ഒരു രൂപംമാത്രം, മനോമുകുരത്തിൽ ആലേഖനം ചെയ്യേണ്ടതും ഒരു രൂപം മാത്രം; ക്രിസ്തുവിന്റെ ക്രൂശിതരൂപം. ഇവിടെ നേതൃത്വത്തിന്റെ ജീവിതംനോക്കി അവരോടു കലഹിക്കുന്നതിനപ്പുറം ക്രൂശിതന്റെ മിഴികളിലേക്ക് എന്റെ മിഴികളെച്ചേർത്തുനിർത്താൻ ഞാൻ പഠിക്കും.

ഇന്നത്തെ സുവിശേഷം വീണ്ടും നമ്മെ ഓർമപ്പെടുത്തുന്നത് ഈ കാലഘട്ടത്തിൽ മോശയുടെ പീഠത്തിൽ ഇരിക്കുന്നത് നമ്മളാണെന്നാണ്. ഇത് നമ്മെ എന്നെ ധ്യാനത്തിലേക്ക് ഉണർത്തണം. വീണ്ടും ഒരിക്കൽകൂടെ ക്രിസ്തുപറയുമ്പോൾ, മോശയുടെ പീഠ

ത്തിൽ ഇരിക്കുന്ന നമ്മുടെ ജീവിതംനോക്കി പഠിക്കരുത് എന്ന് പറയേണ്ടി വരുമോ? എങ്കിൽ നാം ദൈവരാജ്യത്തിന് വെളിയിലാണ്. നമ്മുടെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങേണ്ട സമയമായി. അദ്ധ്യാപകനിൽനിന്നുഗുരുവിലേക്ക് ഒരു കല്ലേറുദൂരമുണ്ട്; അത് നടന്നുതീർക്കാൻ ക്രിസ്തുവിന്റെ കൈപിടിക്കേണ്ടതായുണ്ട്, തോളോടുതോൾ ചേർന്നുനടക്കേണ്ടതായുണ്ട്. ക്രിസ്തുവിനെ ഉള്ളിലേക്ക് ആവാഹിക്കേണ്ടതായുണ്ട്, മറ്റൊരു ക്രിസ്തുവായി പുനർജനിക്കേണ്ടതായുണ്ട്. ചോദ്യം ഒന്നേയുള്ളൂ: നാം ക്രിസ്തുവിനെപ്പോലെയായില്ലായെങ്കിൽ ക്രിസ്തുവിന്റെ പ്രതിപുരുഷരായി എങ്ങനെ മോശയുടെ പീഠത്തിൽ ഇരിക്കും?

സൂഫിഗുരുവിനോടുള്ള ചോദ്യം ഇതായിരുന്നു: 'എന്തേ ആരാധനാലയങ്ങളിൽ മൂർത്തികളുടെ മുമ്പിൽ വലംവയ്ക്കുന്നില്ല?' ഗുരു പറഞ്ഞു: 'ഞങ്ങൾ സൂര്യമാർഗികളാണ്, സ്വയം പ്രകാശിക്കുന്നവർ.' മോശയുടെ പീഠത്തിൽ ഇരിക്കുന്നവർ സ്വയം പ്രകാശിക്കേണ്ടവരാണ്, ഗുരുവായിത്തീരേണ്ടവരാണ്. വാക്കല്ല പ്രവൃത്തി മറ്റുള്ളവർക്ക് മാതൃകയാക്കേണ്ടവർ. 'ഗുകാരന്ധകാരസ്യോ, രുകാരസ്ത്തന്നിവർത്തക' എന്നാണ് ഗുരുവിനെ ആർഷഭാരതം ചിത്രീകരിക്കുന്നത്. അന്ധകാരത്തെ ഇല്ലാതാക്കുന്നവർ, സ്വയം പ്രകാശമായിത്തീർന്നവർ. ഗുരുകുലത്തിൽ അതാണ് നടന്നിരുന്നത്. ഗുരുവിന്റെകൂടെ നടന്ന് ഗുരുചെയ്യുന്നത് കണ്ടുപഠിക്കുക. ക്രിസ്തുവിന്റെ ഗുരുകുലത്തിലും ക്രിസ്തു അതാണ് പറയുന്നത്. മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നവർ പറയുന്നത് ചെയ്യുന്നില്ല. ഇനിയും പഠിക്കേണ്ടത് ക്രിസ്തുവിൽനിന്നാണ് വാക്കും നോക്കും ഒരേപോലെയാക്കിയവൻ. സ്നേഹിതനുവേണ്ടി ജീവൻ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് ഒരു മലമുകളിൽനിന്ന് പ്രഘോഷിച്ചു; കാൽവരിമലയിൽ അത് പ്രവൃത്തിയിൽ കാണിച്ചുതന്നു.

ഇന്നത്തെ സുവിശേഷഭാഗം ഒരു ചോദ്യത്തിന്റെ ഉത്തരംകൂടെ നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നുണ്ട്. ഭാരമുള്ള ചുമടുകൾ മറ്റുള്ള വരുടെ ചുമലിൽ വച്ചുകൊടുക്കുന്നവരാണോ നമ്മൾ? (മത്താ 23: 4) ക്രിസ്തുവാകുന്ന പാഠശാലയിൽ ഉത്തരങ്ങൾ കൃത്യമാണ്. എന്താകണം, എന്താകരുത് എന്ന് കൃത്യമായി പറയുന്നുണ്ട് ക്രിസ്തു. ഇന്നത്തെ സുവിശേഷത്തിൽ എന്താകരുത് എന്ന് പഠിപ്പിക്കുന്നുണ്ട്. അവർ ഭാരമുള്ള ചുമടുകൾ മറ്റുള്ളവരുടെ ചുമലിൽ വച്ചുകൊടു

ക്കുന്നു. സൂര്യനെപ്പോലെയാകേണ്ട നാം നിയമജ്ഞരെപ്പോലെ ആകരുത്. മത്തായിസുവിശേഷകൻ ക്രിസ്തുവിനെപ്പോലെയാകാൻ നമ്മെ ക്ഷണിക്കുന്നുണ്ട്. എന്തെന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ് (മത്താ 11:30). നമ്മെയും നമ്മുടെ പ്രവൃത്തികളെയും കൂടെയുള്ളവർക്കും കുടുംബത്തിൽ ഉള്ളവർക്കും വഹിക്കാൻ സാധിക്കുന്നില്ലായെങ്കിൽ നമ്മൾ ക്രിസ്തുവിൽനിന്നും അകലെയായിപ്പോയി എന്ന് ഉറപ്പിക്കാം. നമ്മുടെ വാക്ക് കുടുംബത്തിലുള്ളവർക്ക് അസഹ്യമാകുന്നുണ്ടോ? നമ്മുടെ അധികാരസ്ഥാനം സമൂഹത്തിലുള്ളവർക്ക് ഭാരമാകുന്നുണ്ടോ? എങ്കിൽ ക്രിസ്തുവിന്റെ രാജ്യത്തിനുപുറത്താണ് നമ്മുടെ സ്ഥാനം.

മോശയുടെ പീഠത്തിൽ ഇരിക്കുന്നവരെക്കുറിച്ച് അവസാനമായി ഒരു ആരോപണംകൂടെ ക്രിസ്തു ഉയർത്തുന്നുണ്ട്. മറ്റുള്ളവർ കാണുന്നതിനുവേണ്ടിയാണ് അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്. ഇത് കൃത്യമായി എന്നോടുള്ള ക്രിസ്തുവിന്റെ ഉപദേശമാണ്. വളരെ ലളിതമായി ക്രിസ്തു നമ്മോടുപറയുകയാണ്: കാണിക്കാൻവേണ്ടി ഒന്നും ചെയ്യരുത്. ബൈബിളിൽ മുഴുവനും ഇത് നിറഞ്ഞു നില്ക്കുന്നത് കാണാം. വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. നമ്മുടെ പ്രാർത്ഥനപോലും ഒരുവേള തെരുവിലെ പ്രഹസനമാകാം എന്ന് ക്രിസ്തുവിന് അറിയാം. ക്രിസ്തു പഠിപ്പിക്കുന്നുണ്ട്: 'പ്രാർത്ഥിക്കുമ്പോൾ നീ മുറിയിൽ കടന്ന് കതകടച്ച് രഹസ്യങ്ങൾ അറിയുന്ന തമ്പുരാന്റെ മുൻപിൽ ആയിരിക്കാൻ.' ഒന്നും പ്രഹസനമാകാൻ പാടില്ല. മുഖംമൂടികൾ വച്ചവരോടാണ് ക്രിസ്തു എന്നും കലഹിക്കുന്നത്. ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി ഭവനത്തിലേക്ക് മടങ്ങും. ഫരിസേയൻ സ്വയം നീതീകരിച്ച് താൻ ചെയ്തതിന്റെ കണക്കുകൾ അവതരിപ്പിച്ച് ദൈവാലയത്തിൽ നിൽക്കും പ്രാർത്ഥനയെന്ന നീതീകരണവുമായി. 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്' (യാക്കോ 2:17) എന്ന് യാക്കോബ്സ്ലീഹാ പഠിപ്പിക്കുന്നതും ഇതിനോടുചേർത്ത് വായിക്കാം.

ഇന്നത്തെ വേദഭാഗം നമ്മെ ബോധ്യങ്ങളിലേക്ക് തിരികെവിളിക്കുകയാണ്. നമ്മൾ ക്രിസ്തുവിന്റെ ശിഷ്യരാണെന്ന ബോധ്യത്തിലേക്ക്, നമ്മൾ പറയുന്നത് ചെയ്യേണ്ടവരാണെന്ന ബോധ്യത്തിലേക്ക്, ഞാൻ മറ്റാർക്കും ഭാരമാകരുതെന്ന ബോധ്യത്തിലേക്ക്, കാണിക്കാൻവേണ്ടിയാകരുത് നമ്മുടെ പ്രവൃത്തികൾ എന്ന ബോധ്യത്തി

ലേക്ക്, നാം ക്രിസ്തുവിന്റെ കൈപിടിച്ചുകൊണ്ട് മറ്റുള്ളവരുടെ ശുശ്രൂഷക്കായി വിളിക്കപ്പെട്ടവരാണെന്ന ബോധ്യത്തിലേക്ക്. ശുശ്രൂഷകന്റെ മനോഭാവം ഉള്ളവർക്കു മാത്രമേ കൂടെയുള്ളവർക്ക് നന്മ ചെയ്യാൻ സാധിക്കൂ. അരയിൽ തൂവാലചുറ്റി ശിഷ്യരുടെ കാലുകഴുകിയവൻ ഇന്നത്തെ വേദഭാഗത്ത് പറയാൻ ശ്രമിക്കുന്നതും ഇതുമാത്രമാണ്: "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം." ക്രിസ്തുവാകുന്ന പാഠശാലയിൽനിന്നും നമ്മൾ പഠിക്കേണ്ടതായ പാഠം ഇതാണ്. പ്രവൃത്തിയില്ലാത്ത വാക്കുകൾ മോശയുടെ പീഠത്തിന്റെ അലങ്കാരമാകില്ല. ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി മാറാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. നിർമ്മലാനന്ദ് oic**

വചനബോധി
സീറോമലങ്കര

ഒക്ടോ
25

# സ്ലീബാപെരുന്നാളിനുശേഷം 6–ാം ഞായർ

## ഭാഷ്യം

ലൂക്കാ 18:18–27

### സന്ദർഭം

യേശുവിന്റെ ജറുസലെം യാത്ര അതിന്റെ അവസാനഘട്ടത്തിലാണ്. പതിനൊന്നാം അധ്യായം വളരെ ശക്തമായ പഠനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെ നിരാശയും തളർച്ചയും ജീവിതത്തിൽ വച്ചുപുലർത്തരുതെന്ന് പഠിപ്പിച്ചു (18:1–8). തുടർന്നുവരുന്ന ഫരിസേയന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയുടെ ഉപമയിലൂടെ ദൈവമനുഷ്യബന്ധത്തെക്കുറിച്ച് ഓർമപ്പെടുത്തി (9:14). ദൈവരാജ്യം ശിശുക്കളെപ്പോലെ തുറന്നമനസ്സോടെ, പൂർണതാത്പര്യത്തോടെ സ്വീകരിക്കുന്നവർക്കുള്ളതാണെന്ന് ഉദ്ബോധിപ്പിച്ചു (15:17). തുടർന്ന്, ശിഷ്യത്വത്തിന് ഏറ്റവും തടസ്സമായി നില്ക്കുന്ന വെല്ലുവിളി എന്താണെന്ന് യേശുവിനെ കണ്ടുമുട്ടുന്ന ധനികയുവാവിന്റെ അനുഭവത്തിലൂടെ കാണിച്ചുതരികയാണ് വചനഭാഗത്ത് (18:27).

### സാരം

സമ്പത്ത് ദൈവരാജ്യപ്രവേശനത്തിന് തടസ്സമാണെങ്കിലും അത് വലിയ ഒരു സാധ്യതയാക്കി മാറ്റാമെന്ന് വചനഭാഗത്ത് സമർത്ഥിക്കപ്പെടുന്നു. സ്വന്തമായതെല്ലാം ഉപേക്ഷിക്കാൻ മനുഷ്യന് സ്വയം ശക്തിയില്ലെങ്കിലും ദൈവകൃപയോടെ എല്ലാം സാധ്യമാകും എന്ന സുപ്രധാനകാര്യവും ചർച്ച ചെയ്യപ്പെടുന്നുണ്ട്.

## സന്ദേശം

1. ഒരു അധികാരി- ഗ്രീക്കിൽ *Arkon* എന്നത്- ഫരിസേയപ്രമാണിമാരോ നേതാക്കന്മാരോ സിനഗോഗധികാരിയോ ഒക്കെയാകാം. ഇവരൊക്കെത്തന്നെ ഒരു എതിർമനോഭാവം പുലർത്തുന്നവരാണ്. മറിച്ച്, മത്തായിയിലും മർക്കോസിലും 'ഒരുവൻ', 'യുവാവ്' എന്നിങ്ങനെയാണ് കാണുന്നത്. യേശുവിനോട് ചോദ്യങ്ങൾ ചോദിക്കുന്നത് കൂടുതൽ അവരുടെ നിലപാടുകളെ സാധൂകരിക്കാനും യേശുവിനെ ഉത്തരം മുട്ടിക്കാനുമാണ്. നിത്യജീവൻ സ്വന്തമാക്കാൻ നിലവിലുള്ള കല്പ്പനകളും ആത്മീയാനുഷ്ഠാനങ്ങളും ധാരാളം മതിയെന്ന യേശുവിന്റെ ഉത്തരം ശ്രദ്ധാർഹമാണ്. യേശു വന്നിരിക്കുന്നത് നിയമത്തെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ലെന്ന്, വചനത്തിൽ ഒരു പുള്ളിപോലും അവഗണിക്കാനുള്ളതല്ലെന്നും യേശു പലപ്രാവശ്യം പറഞ്ഞിട്ടുണ്ട് (16:17) ധനവാനോടും നിയമത്തെയും പ്രവാചകന്മാരെയുംകുറിച്ച് യേശു ഓർമപ്പെടുത്തിയിട്ടുണ്ട് (16:29-31). ചോദ്യകർത്താവ് അത് പാലിച്ചാണ് ജീവിക്കുന്നത് എന്നും പറയുന്നുണ്ട് (18:21). ഇന്നും അറിവിന്റെ കുറവല്ല, രക്ഷക്ക് തടസ്സമായിനില്ക്കുന്നത്. ഏതു മനുഷ്യനും ദൈവം നല്കുന്ന അടിസ്ഥാനപരമായ ധർമാധർമബോധ്യങ്ങളും നീതിബോധവും പരസ്പ്പരസ്നേഹത്തിന്റെ ആവശ്യകതയും അനുസരിച്ചാൽത്തന്നെ അത് അവന് രക്ഷയുടെ വഴിതുറക്കും.

2. 'നിനക്ക് ഒരു കുറവുണ്ട്;' അധികാരിയോട് യേശു പറയുന്ന ഈ വചനം, നമ്മോടും കൂടിയാണ് പറയുന്നത്. പ്രമാണങ്ങളും അനുഷ്ഠാനങ്ങളും കുറ്റമറ്റവിധം ചെറുപ്പംമുതലേ പാലിച്ചുകൊണ്ട് ജീവിച്ചാലും നമ്മൾ പൂർണരല്ല എന്ന ബോധ്യം യേശു നൽകുകയാണ്. അവന്റെ കുറവ് എന്താണെന്ന് യേശു അവന് ചൂണ്ടിക്കാണിച്ചുകൊടുത്തു. പലപ്പോഴും നമ്മുടെ അനുദിനജീവിതം, വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ, കുടുംബത്തിലോ, സമൂഹത്തിലോ ആർക്കും ഒരു പ്രശ്നമാകാതെ പ്രമാണങ്ങളും കൂദാശകളുമൊക്കെ മുറതെറ്റാതെ അനുസരിച്ച് ജീവിക്കുന്ന ഒരു ശരാശരി ക്രിസ്ത്യാനി, ഇനി തനിക്കൊന്നും പ്രത്യേകിച്ച് ചെയ്യാനില്ല എന്നുള്ള ഒരു ചിന്തയിലൂടെ യാണ് കടന്നുപോകുന്നത്. ഇവിടെ യേശുവിന്റെ മുന്നറിയിപ്പ്, നമ്മിലെല്ലാം പരിഹരിക്കപ്പെടേണ്ട ചില കുറവുകൾ ഉണ്ടെന്ന് ഓർക്കാം. നാം തന്നെ കണ്ടെത്തുക, പ്രാർത്ഥനയിലൂടെ, ഗുരുവിലൂടെ, സുഹൃത്തി

ലൂടെ, ഉപദേശത്തിലൂടെ അവ കണ്ടെത്താനും ശ്രമിക്കുക. ആ കുറവ് നികത്താനുള്ളതാകട്ടെ നമ്മുടെ ഇനിയുള്ള കാലയളവ്.

3. മനുഷ്യർക്ക് അസാധ്യമായത്, ദൈവത്തിന് സാധ്യമാണ്. മംഗളവാർത്തയിൽ മാലാഖ ഉരുവിട്ട വചനംതന്നെ (1:37) ഇവിടെ ആവർത്തിക്കപ്പെടുന്നു. പുരുഷബന്ധമില്ലാതെ ഗർഭം ധരിക്കുന്നതാണവിടത്തെ വിഷയമെങ്കിൽ, ഇവിടെ സമ്പന്നന്റെ മാനസാന്തരമാണ്. ഇതിനകം പലപ്രാവശ്യം സമ്പന്നന്റെ ഹൃദയകാഠിന്യവും സ്വാർത്ഥതയും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ഭോഷനായ ധനികനും (12:13–21) ധനവാന്റെയും ലാസറിന്റെയും കഥ (16:19–31) വരെ നാം കണ്ടതാണ്. സമ്പത്ത് ഉപേക്ഷിക്കുക മാത്രമല്ല, അത് ദരിദ്രർക്ക് ദാനം ചെയ്യുക എന്നതും വലിയ വെല്ലുവിളിയാണ്. നാളിതുവരെ അനുഭവിച്ച ആർഭാടങ്ങളും സ്ഥാനമാനങ്ങളും വേണ്ടെന്നുവയ്ക്കാൻ ഈ ധനികനും പ്രയാസമുണ്ടായി. എന്നാൽ യേശു പറഞ്ഞു: മാനുഷികമായി അസാധ്യമെന്ന് തോന്നുന്നത് ദൈവം ഇടപെട്ടാൽ സാധ്യമാകും. സക്കേവൂസിന്റെ കാര്യത്തിൽ, യേശുസമ്പർക്കത്തിലൂടെ സംഭവിച്ചത് അതുതന്നെയാണ്. ഇന്ന് നമുക്ക് പ്രിയപ്പെട്ട വസ്തുക്കളോ, സ്ഥാനമാനങ്ങളോ, വ്യക്തികളോ ഒക്കെ രക്ഷക്ക് തടസ്സമാകുന്നെങ്കിൽ, അവയെ ഉപേക്ഷിക്കാൻ യേശു അനുഭവത്തിലേക്ക് നാം വളരണം. ഫ്രാൻസിസ് അസ്സീസി തുടങ്ങി ഇന്നും പലരും അതിന് തയ്യാറായത് അവർ ദൈവത്തെ അറിഞ്ഞതുകൊണ്ടാണ്.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## ഉപേക്ഷയിലൂടെ നേടാം

യേശുവിന്റെ മുമ്പിൽ വരുന്ന ധനികനായ അധികാരിയുടെ പേര് സക്കറിയ എന്നാണെന്ന് കരുതുക. അയാൾക്ക് എന്തായിരിക്കും വളരെയേറെ സ്വത്തായി രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരിക്കുക. രണ്ടേക്കർ സ്ഥലം, ഒരു കൊച്ചുവീട്, അഞ്ഞൂറോ ആയിരമോ ആട്, പത്തോ ഇരുപതോ ഒട്ടകങ്ങൾ. വളരെയേറെ വ്യസനത്തോടെ യേശുവിനെ വിട്ടുപോകുമ്പോൾ ഇവയ്ക്കൊക്കെ വേണ്ടിയാണ് അയാൾ യേശുവിനെ, സ്വർഗത്തെ, നിക്ഷേപത്തെ വേണ്ടെന്നുവച്ചത്.

ഇന്നത്തെ ജറുസലെമിൽ എത്ര അന്വേഷിച്ചാലും സക്കറിയയുടെ ആടുകളെപ്പറ്റി, വീടിനെപ്പറ്റി, സ്ഥലത്തെപ്പറ്റി നമുക്ക് ഒരു വിവരവുമില്ല. എന്നാൽ വള്ളവും വലയും ഉപേക്ഷിച്ച് യേശുവിന്റെ പിറകെ ഇറങ്ങിത്തിരിച്ച ഞങ്ങൾ സ്വന്തമായവയെല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു എന്ന് യേശുവിനോട് പറഞ്ഞ പത്രോസിന്റെ പേരിൽ ഇന്ന് ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഏറ്റവുമധികം അംഗങ്ങളുടെ, ഏറ്റവുമധികം സ്ഥാപനങ്ങളുടെ, ഏറ്റവുമധികം നന്മചെയ്യുന്ന സഭ നിലനിൽക്കുകയാണ്.

യഹൂദർ നല്ല ബിസ്സിനസുകാരാണ് എന്ന് പറയാറുണ്ട്. പാർട്ട്ണറെ ഒരിക്കലും കൈവിടാതെ ഏറ്റവുമധികം ലാഭം ഉണ്ടാക്കാൻ പൊതുവേ ഇവർ മിടുക്കരാണ്. ബിസിനസ്സുകാരൻ തന്റെകൂടെ വരുന്നവർക്ക് (ബിസിനസ്സിൽ), മുതൽ മുടക്കുന്നവർക്ക് നല്കാമെന്നേൽക്കുന്നത് ഭൂമിയിലെ ഏറ്റവും വലിയ പ്രതിഫലമാണ് (മത്താ 19:29). ദൈവരാജ്യത്തിനുവേണ്ടി വീടിനെയോ ഭാര്യയെയോ സഹോദരന്മാരെയോ മാതാപിതാക്കളെയോ സന്താനങ്ങളെയോ വയലുകളെയൊക്കെയോ ഉപേക്ഷിച്ചവർക്കൊക്കെ അനേകമടങ്ങ് നൂറിരട്ടി പ്രതിഫലമാണ് അവൻ വാഗ്ദാനം ചെയ്യുന്നത്. ക്രിസ്തീയചരിത്രം മുഴുവൻ ഇങ്ങനെ ക്രിസ്തുവിനുവേണ്ടി ഉപേക്ഷിച്ചിട്ട് നൂറിരട്ടി ലാഭം കൊയ്യുന്ന അനേകം സമർപ്പിതരുടെ ചരിത്രമാണ്. അനേകം ഭവനങ്ങളിൽ അവരംഗങ്ങളാകുന്നു. അനേകർക്ക് അവർ മക്കളാകുന്നു. അനേകർ അവരെ മാതാപിതാക്കളെപ്പോലെ സ്നേഹിക്കുന്നു. അനേകരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന (most significant) വ്യക്തിയായി അവർ മാറുന്നു.

അവനെ അനുഗമിക്കാൻ സ്വർഗത്തിൽ നിക്ഷേപം ആവശ്യമാണെന്ന ഒരു ചിന്തകൂടി ഇന്നത്തെ വചനം നമുക്ക് തരുന്നുണ്ട്. ഹൃദയം അവനോട് ചേർന്നുനിൽക്കുന്നുവെങ്കിൽ അവനായി, ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചിലതൊക്കെ ഞാൻ നിക്ഷേപിക്കേണ്ടതുണ്ട്. എന്റെ ഭൂമിയിലെ ധനത്തിന്റെ കാവൽക്കാരൻ മാത്രമായ ഒരു ദൈവത്തെയാണ് ഞാൻ തേടുന്നതെങ്കിൽ ആ ദൈവത്തിന് ഒരിക്കലും ക്രിസ്തുവിന്റെ മുഖച്ഛായ ഉണ്ടാവില്ല.

**ഫാ. ഷോജി വെച്ചൂർകരോട്ട്**

Date of Publication: 13 September 2020 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 24)

# ശ്രദ്ധയ്ക്ക്

കോവിഡ് 19-ന്റെ പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗൺ പൂർണമായും നീക്കം ചെയ്തിട്ടില്ലാത്തതിനാലും അന്തർ സംസ്ഥാന തപാൽമാർഗം സുഗമമായിട്ടില്ലാത്തതിനാലും സെപ്തംബർമാസ വചനബോധിയും തപാൽമാർഗം അയക്കാൻ നിർവാഹമില്ല. അതിനാൽ E-mail, Whats App, Online എന്നീ മാർഗങ്ങളിലൂടെ അയക്കുന്നു. സദയം സഹകരിക്കുമല്ലോ.

- ചീഫ് എഡിറ്റർ

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*